**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4678** **10-08-2021 - ൽ മറുപടിയ്ക്ക്**

**കായിക പരിശീലനത്തിനായി മികവിന്റെ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായികരംഗത്ത് വനിതാ താരങ്ങൾക്ക് കായികക്ഷമത ഉറപ്പ് വരുത്തുന്നതിനായി സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | കായികരംഗത്ത് വനിതാ താരങ്ങൾക്ക് കായിക ക്ഷമത ഉറപ്പുവരുത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. കിക്കോഫ് ഫുട്ബോൾ ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ നഗര/ഗ്രാമ പ്രദേശങ്ങളിലെയും, ഗിരിവർഗ്ഗ, കടൽത്തീരമേഖലകളിലെയും കുട്ടികളിൽ നിന്നും ഫുട്ബോൾ പ്രതിഭകളെ കണ്ടെത്തി ചെറുപ്രായം മുതൽ പരിശീലനം നൽകുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിയുടെ ഭാഗമായി പെൺകുട്ടികൾക്ക് വേണ്ടി 14 സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളായ 25 പേർക്ക് വീതമാണ് പ്രസ്തുത പദ്ധതിയിലൂടെ ഓരോ സെന്ററിലും പരിശീലനം നൽകുന്നത്. പഞ്ച് സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥിനികൾക്ക് ബോക്സിംഗ് കായിക ഇനത്തിൽ അടിസ്ഥാന പരിശീലനം ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച് പഞ്ച് പദ്ധതിയിൽ 8 മുതൽ 11 വയസ് വരെ പ്രായമുള്ള പെൺകുട്ടികളിൽ നിന്ന് ബോക്സിംഗിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി മികച്ച പരിശീലനം നൽകുന്നു. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ അഞ്ച് ജില്ലകളിലെ സ്കൂളുകൾ കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പിലാക്കുക. സംസ്ഥാനത്തിന്റെ ബോക്സിംഗ് കായികമേഖലയുടെ ഉന്നമനത്തിനൊപ്പം പെൺകുട്ടികളെ സ്വയരക്ഷ നേടുവാൻ പ്രാപ്തരാക്കുവാനുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>വനിതാ ഫുട്ബോൾ അക്കാഡമി<br>ബഹു.മുഖ്യമന്ത്രിയുടെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിലെ പനമ്പിള്ളി നഗറിൽ വനിതകൾക്കായി ഒരു ഫുട്ബോൾ |

| | | | |
|---|---|---|---|
| | | | അക്കാഡമി സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി 2020-24 ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയിൽ പെൺകുട്ടികൾക്കും അർഹമായ പ്രാതിനിധ്യം നൽകി വരുന്നു. എലൈറ്റ് സ്കീം പ്രത്യേക മികവ് പ്രദർശിപ്പിക്കുന്ന കായിക താരങ്ങൾ വിദഗ്ധ പരിശീലനത്തിന് സൗകര്യം ഒരുക്കുന്ന പദ്ധതിയാണ് എലൈറ്റ് സ്കീം. സ്പോർട്സ് കൗൺസിലിന്റെ കീഴിൽ അത്ലറ്റിക്, വോളീബോൾ, ബാസ്കറ്റ് ബോൾ, ഫുട്ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത പദ്ധതിയിൽ പെൺകുട്ടികൾക്കും പരിശീലനം നൽകി വരുന്നുണ്ട്. മികച്ച കായിക താരങ്ങളെ തിരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി വിവിധ കായിക ഇനങ്ങളിലായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ വനിതാ കായിക താരങ്ങൾക്ക് ഉൾപ്പെടെ വിദഗ്ധ പരിശീലനം നൽകി വരുന്നു. കായികരംഗത്ത് വനിതാ കായികതാരങ്ങളെ കൂടുതൽ പങ്കെടുപ്പിക്കുന്നതിനായി ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ എന്നീ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളിൽ ജൂഡോ, ബോക്സിംഗ് എന്നീ കായിക ഇനങ്ങളിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന പെൺകുട്ടികൾ ഇൻസ്പയർ സ്കോളർഷിപ്പ് എന്ന പേരിൽ പ്രതിമാസം 1500/-രൂപ നിരക്കിൽ സ്കോളർഷിപ്പ് ഏർപ്പെടുത്തി നൽകി വരുന്നു. |
| (ബി) | കായികരംഗത്ത് വനിതാ താരങ്ങളെ കൂടുതലായി പങ്കെടുപ്പിക്കുന്നതിനും വനിതാ പരിശീലകരെ വാർത്തെടുക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; അറിയിക്കുമോ; | (ബി) | കായികരംഗത്ത് വനിതാ താരങ്ങൾക്ക് കായിക ക്ഷമത ഉറപ്പുവരുത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. കിക്കോഫ് ഫുട്ബോൾ ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ നഗര/ഗ്രാമ പ്രദേശങ്ങളിലെയും, ഗിരിവർഗ്ഗ, കടൽത്തീരമേഖലകളിലെയും കുട്ടികളിൽ നിന്നും ഫുട്ബോൾ പ്രതിഭകളെ കണ്ടെത്തി ചെറുപ്രായം മുതൽ പരിശീലനം നൽകുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിയുടെ ഭാഗമായി പെൺകുട്ടികൾക്ക് വേണ്ടി 14 സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളായ 25 പേർക്ക് വീതമാണ് പ്രസ്തുത പദ്ധതിയിലൂടെ ഓരോ സെന്ററിലും പരിശീലനം നൽകുന്നത്. പഞ്ച് സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥിനികൾക്ക് |

ബോക്സിംഗ് കായിക ഇനത്തിൽ അടിസ്ഥാന പരിശീലനം ലഭ്യമാക്കുന്നതിനായി ആവിഷ്ക്കരിച്ച് പഞ്ച് പദ്ധതിയിൽ 8 മുതൽ 11 വയസ് വരെ പ്രായമുള്ള പെൺകുട്ടികളിൽ നിന്ന് ബോക്സിംഗിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി മികച്ച പരിശീലനം നൽകുന്നു. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ അഞ്ച് ജില്ലകളിലെ സ്കൂളുകൾ കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പിലാക്കുക. സംസ്ഥാനത്തിന്റെ ബോക്സിംഗ് കായികമേഖലയുടെ ഉന്നമനത്തിനൊപ്പം പെൺകുട്ടികളെ സ്വയരക്ഷ നേടുവാൻ പ്രാപ്തരാക്കുവാനുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

വനിതാ ഫുട്ബോൾ അക്കാഡമി

ബഹു.മുഖ്യമന്ത്രിയുടെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിലെ പനമ്പിള്ളി നഗറിൽ വനിതകൾക്കായി ഒരു ഫുട്ബോൾ അക്കാഡമി സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി 2020-24 ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയിൽ പെൺകുട്ടികൾക്കും അർഹമായ പ്രാതിനിധ്യം നൽകി വരുന്നു. എലൈറ്റ് സ്കീം പ്രത്യേക മികവ് പ്രദർശിപ്പിക്കുന്ന കായിക താരങ്ങൾ വിദഗ്ദ്ധ പരിശീലനത്തിന് സൗകര്യം ഒരുക്കുന്ന പദ്ധതിയാണ് എലൈറ്റ് സ്കീം. സ്പോർട്സ് കൗൺസിലിന്റെ കീഴിൽ അത്ലറ്റിക്, വോളിബോൾ, ബാസ്കറ്റ് ബോൾ, ഫുട്ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത പദ്ധതിയിൽ പെൺകുട്ടികൾക്കും പരിശീലനം നൽകി വരുന്നുണ്ട്. മികച്ച കായിക താരങ്ങളെ തിരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി വിവിധ കായിക ഇനങ്ങളിലായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ വനിതാ കായിക താരങ്ങൾക്ക് ഉൾപ്പെടെ വിദഗ്ദ്ധ പരിശീലനം നൽകി വരുന്നു. കായികരംഗത്ത് വനിതാ കായികതാരങ്ങളെ കൂടുതൽ പങ്കെടുപ്പിക്കുന്നതിനായി ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ എന്നീ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളിൽ ജൂഡോ, ബോക്സിംഗ് എന്നീ കായിക ഇനങ്ങളിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന പെൺകുട്ടികൾ ഇൻസ്പയർ

| | | | |
|---|---|---|---|
| | | | സ്കോളർഷിപ്പ് എന്ന പേരിൽ പ്രതിമാസം 1500/-രൂപ നിരക്കിൽ സ്കോളർഷിപ്പ് ഏർപ്പെടുത്തി നൽകി വരുന്നു. |
| (സി) | കായികരംഗത്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനത്തിനായി മികവിന്റെ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വെളിപ്പെടുത്താമോ; | (സി) | കായികരംഗത്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനത്തിനായി മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ അത്ലറ്റിക്സ്, വോളീബോൾ, ബാസ്കറ്റ്ബോൾ, ഫുട്ബോൾ, എന്നീ കായികയിനങ്ങളിൽ പരിശീലനം, നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് എലൈറ്റ് സ്കീം. കായിക രംഗത്ത് പ്രത്യേക മികവ് പ്രദർശിപ്പിക്കുന്ന കായിക താരങ്ങൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനത്തിനായി സൗകര്യം ഒരുക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്. കേന്ദ്ര സർക്കാർ പദ്ധതിയായ ഖേലോ ഇൻഡ്യ സ്റ്റേറ്റ് സെന്റർ ഓഫ് എക്സലൻസ് ജി.വി.രാജ സ്പോർട്സ് സ്കൂളിൽ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | പരിശീലനത്തിനായി എല്ലാ ജില്ലകളിലും മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | കണ്ണൂർ സ്പോർട്സ് സ്കൂളിൽ ഖേലോ ഇൻഡ്യ സ്റ്റേറ്റ് സെന്റർ ഓഫ് എക്സലൻസ് ആരംഭിക്കുന്നതിനായി കേന്ദ്രസർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ